## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3573 — 14/03/2017 ൽ മറുപടിയ്ക്ക്

## വൻകിട അഴിമതി സംബന്ധിച്ച പരാതികൾ

| | ചോദ്യം<br>ശ്രീ.സണ്ണി ജോസഫ് | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| എ) | വൻകിട അഴിമതി സംബന്ധിച്ച പരാതികൾ സ്വീകരിക്കില്ല എന്ന് വിജിലൻസ് ആസ്ഥാനത്ത് നോട്ടീസ് പതിച്ചിരുന്നോ; എങ്കിൽ എന്ത് അടിസ്ഥാനത്തിലാണ് ഇത്തരമൊരു നോട്ടീസ് പതിച്ചത്; | എ)<br>&<br>ബി) | 2016 ജൂൺ മാസം മുതൽ 2017 ഫെബ്രുവരി വരെ പതിനൊന്നായിരത്തിലധികം പരാതികൾ ലഭിക്കുകയും ലളിതകുമാരി കേസിൽ സുപ്രീം കോടതി വിധി പ്രകാരം സാധാരണഗതിയിൽ 15 ദിവസത്തിനകം അന്വേഷണം പൂർത്തിയാക്കണമെന്നതിനാലുമാണ് പോലീസ് സ്റ്റേഷനല്ലാത്ത വിജിലൻസ് ആസ്ഥാനത്ത് പരാതികൾ സ്വീകരിക്കുന്നതിന് പകരം പോലീസ് സ്റ്റേഷനുകളായ വിജിലൻസ് യൂണിറ്റുകളിൽ പരാതികൾ നേരിട്ട് സ്വീകരിക്കുക എന്ന് വി.എ.സി.ബി ഡയറക്ടർ തീരുമാനിക്കുകയുണ്ടായത്. ഈ സേവനമാറ്റം പരീക്ഷണാടിസ്ഥാനത്തിലാണ് നടപ്പിലാക്കാൻ ശ്രമിച്ചത്. വിജിലൻസ് രാജാണോ എന്ന ഹൈക്കോടതി പരാമർശവും അഴിമതി നിരോധന നിയമ പ്രകാരം വിജിലൻസ് ആസ്ഥാനത്ത് പരാതികൾ സ്വീകരിക്കുന്നതും തമ്മിൽ ബന്ധമില്ല |
| ബി) | സംസ്ഥാനത്ത് വിജിലൻസ് രാജ് ആണോ എന്ന ഹൈക്കോടതിയുടെ പരാമർശം ഇത്തരം ഒരു നോട്ടീസ് പതിപ്പിക്കാൻ കാരണമായിട്ടുണ്ടോ; | | |
| സി) | ഈ സർക്കാർ നിലവിൽ വന്ന ശേഷം വിജിലൻസിന്റെ പ്രവർത്തനത്തെക്കുറിച്ച് ഏതൊക്കെ കാര്യങ്ങളിലാണ് ഹൈക്കോടതി വിമർശനം ഉണ്ടായതെന്ന് വെളിപ്പെടുത്തുമോ; എന്തെങ്കിലും മാർഗ്ഗനിർദ്ദേശം നൽകുന്നതിന് കോടതി പരാമർശം ഉണ്ടായിട്ടുണ്ടോ; | സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശ്രീ. ശങ്കർ റെഡ്ഡി, ഐ.പി.എസിന് ക്രമവിരുദ്ധമായി ഡി.ജി.പി റാങ്ക് നൽകിയെന്ന വിഷയത്തിലും കണ്ണൂർ സ്കൂൾ യുവജനോത്സവത്തിൽ വിധികർത്താക്കൾക്ക് എതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത വിഷയത്തിലും ബാർ കേസിലും ശ്രീ ഇ.പി. ജയരാജൻ കേസിലുമുള്ള പരാതികൾ പരിഗണിക്കവേ ഹൈക്കോടതിയുടെ നിരീക്ഷണങ്ങൾ ഉണ്ടായിട്ടുണ്ട്. മുൻ വ്യവസായ മന്ത്രി ശ്രീ. ഇ.പി ജയരാജൻ ഉൾപ്പെട്ട ബന്ധു നിയമനവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത വിജിലൻസ് കേസിന്റെ എഫ്.ഐ.ആർ |

| | | | |
|---|---|---|---|
| | | | റദ്ദാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി.കെ. സുധീർ ഹൈക്കോടതിയിൽ നൽകിയ പരാതി പരിഗണിക്കവേ വിജിലൻസിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഒരു മാർഗ്ഗ രേഖ ഉണ്ടാവുന്നത് നല്ലതായിരിക്കുമെന്നു ബഹു ഹൈക്കോടതി അഭിപ്രായപ്പെട്ടിട്ടുണ്ട് |
| ഡി) | ഹൈക്കോടതി വിമർശനത്തിന്റെ വെളിച്ചത്തിൽ വിജിലൻസിന്റെ പ്രവർത്തനം എപ്രകാരം പുന:സംഘടിപ്പിക്കുവാനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഡി) | 06/09/2011 ലെ ജി.ഒ(എം.എസ്) നമ്പർ 25/11/വിജി പ്രകാരവും 04/11/11 ലെ ജി.ഒ(എം.എസ്) 31/11/വിജി പ്രകാരവും മുൻ ചീഫ് സെക്രട്ടറി ശ്രീ. മോഹൻ കുമാർ ചെയർമാനായ നാലംഗ കമ്മിറ്റി 2012 ജൂലൈയിൽ നൽകിയ ശുപാർശകളുടെ അടിസ്ഥാനത്തിലും WP(C) No. 2530/2014 ൽ 18/06/15 ലെ ഹൈക്കോടതി വിധിയുടെയും WA NO.1447 & 1454 ൽ 08/07/15 ലെ കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ സ്റ്റേ തീരുന്ന മുറയ്ക്കും 25/03/13 തീയതിയിലെ ജി.ഒ(പി) 11/13/വിജി പ്രകാരവും ഒരു പരീക്ഷണം എന്ന നിലയിൽ ഓരോ വകുപ്പിലേയും ഇന്റേണൽ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തിയും പുതുതായി ചേരുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് ആന്റി കറപ്ഷൻ ഇൻഡക്ഷൻ പരിശീലനം (Induction training) നിർബന്ധമാക്കിയും Eduvigil, Vignet, Concurrent Vigilance തുടങ്ങിയ അഴിമതി നിരോധന പ്രോഗ്രാമുകൾ ശക്തിപ്പെടുത്തിയും, എസ്.ഐ.യു-3, എസ്.ഐ.യു-4 കണ്ണൂർ, തൃശ്ശൂർ വിജിലൻസ് റേഞ്ച് യൂണിറ്റുകൾ, തൃശ്ശൂർ വിജിലൻസ് ഇന്റലിജൻസ് യൂണിറ്റ്, വിജിലൻസ് സൈബർ യൂണിറ്റ് എന്നീ 6 പുതിയ യൂണിറ്റുകളും കൂടി രൂപീകരിച്ചും വിജിലൻസിന്റെ പ്രവർത്തനം പുനസംഘടിപ്പിക്കുവാനും കൂടുതൽ കാര്യക്ഷമമാക്കാനും സർക്കാർ നടപടി സ്വീകരിച്ചു വരികയാണ് |

സെക്ഷൻ ഓഫീസർ